# International Theatre Institute ITI
**World Organization for the Performing Arts**

**ലോക തീയെറ്റർദിന സന്ദേശം 2023 – മാർച്ച് 27**

## സന്ദേശകാരി : സമീഹാ അയൂബ്, ഈജിപ്റ്റ്
ഈജിപ്ഷ്യൻ അഭിനേത്രി

മലയാളമൊഴിമാറ്റം

---

ലോകത്തെവിടെയുമുള്ള എന്റെ തീയെറ്റർ ആർടിസ്റ്റ് സുഹൃത്തുക്കൾക്ക്,

ഈ ലോകതീയെറ്റർദിനത്തിൽ ഞാനീ സന്ദേശം എഴുതുമ്പോൾ, നിങ്ങളോടിങ്ങനെ സംസാരിക്കുന്നതിന്റെ നിർവൃതി എന്നെ ത്രസിപ്പിക്കുന്നപോലെത്തതന്നെ, തീയെറ്ററിലോ ഇതര കലാമേഖലകളിലോ പ്രവർത്തിക്കുന്ന കലാകാരരായ നമ്മളെല്ലാം നിലവിലെ ലോകാവസ്ഥയിൽപെട്ടനുഭവിക്കുന്ന കൊടിയ സമ്മർദ്ദങ്ങളുടേയും സമ്മിശ്രവികാരങ്ങളുടേയും ഭാരം എന്നെ എല്ലാനിലക്കും വല്ലാതെ ഉലച്ചുകളയുന്നുമുണ്ട്. നമ്മുടെ ഭൗതികാന്തരീക്ഷത്തെ മാത്രമല്ല ആന്തരിക ലോകത്തെയും മനസ്വാസ്ഥ്യത്തെയും തകർത്തുതരിശാക്കാൻപോന്ന സംഘർഷങ്ങളിലും യുദ്ധങ്ങളിലും പ്രകൃതിദുരന്തങ്ങളിലും നമ്മുടെ ലോകം കയറിപ്പോകുന്നതിന്റെ ആദ്യപരിണതിയാണ് അസ്ഥിരത.

ഒറ്റപ്പെട്ട ദ്വീപുകളായോ മഞ്ഞുമൂടിയ ചക്രവാളത്തിൽ അലയുന്ന കപ്പലുകളായോ മുഴുവൻ ലോകവും മാറിമറിയുന്നപോലെ എനിക്കനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന സമയത്താണ് ഞാനിന്ന് നിങ്ങളോട് സംസാരിക്കുന്നത്. പായകൾ വലിച്ചുകെട്ടിയ ആ കപ്പലുകൾ, മാർഗ്ഗനിർദേശങ്ങളൊന്നും കിട്ടുന്നില്ലെങ്കിലും, ചക്രവാളസീമയിയിലെവിടെയും വഴികാട്ടുന്ന ഒരൊറ്റ അടയാളവും കാണുന്നില്ലെങ്കിലും, അലറുന്ന കടലിലൂടെ നീണ്ട ചുറ്റിയലച്ചിലുകൾക്കൊടുവിൽ ഒരു നിർഭയതുറമുഖത്തെത്തുമെന്ന പ്രതീക്ഷയോടെ തുഴച്ചിൽ തുടരുന്നു.

മുമ്പൊരിക്കലും നമ്മുടെ ലോകം ഇന്നത്തെപ്പോലെ ഇത്രയുമടുത്ത് പരസ്പരം ഇഴചേർന്നിരുന്നിട്ടില്ല. മുമ്പൊരിക്കലും നമ്മുടെ ലോകം ഇന്നത്തെപ്പോലെ സ്വരച്ചേർച്ചയും ലയവുമില്ലാതെ പരസ്പരം ഇത്രയും അകലങ്ങളിലായിട്ടുമില്ല. അവിടെയാണ് നമ്മളിന്ന് ജീവിക്കുന്ന ലോകം നമ്മളിൽ ചെലുത്തുന്ന നാടകീയമായ പൂർവ്വാപരവൈരുദ്ധ്യമിരിക്കുന്നത്. ഭൂമിക്കുമേലുള്ള അതിരുകളുടെ എല്ലാ തടസ്സങ്ങളേയും പൊളിച്ചുമാറ്റുന്ന തരത്തിൽ നവീന-ആശയവിനിമയത്തിലും വാർത്താപ്രവാഹത്തിലും ഇന്ന് നടക്കുന്ന 'സംയോജന'ത്തിന് സാക്ഷിയാകുമ്പോൾതന്നെ, ലോകത്തെ സംഘർഷങ്ങളും സമ്മർദ്ദങ്ങളുമെല്ലാം യുക്തിപരമായ കാഴ്ച്ചപ്പാടുകളുടെ സകല സീമകളും കടന്നുപോകുന്നതുംകൂടി നമ്മളൊക്കെ കണ്ടറിയുന്നു. പ്രകടമായ സംയോജനത്തിന്റെ സമയത്തുതന്നെ, ലളിതമായ മനുഷ്യത്തത്തിന്റെ യഥാർത്ഥ പ്രകൃതത്തിൽനിന്ന് നമ്മളെ അകറ്റിക്കളയുന്ന നിർണായകമായ വിഭജനം നിർമ്മിക്കപ്പെടുന്നതായി കാണുന്നു.

തീയെറ്റർ അതിന്റെ മൂലപ്രകൃതിയിൽ, മനുഷ്യത്തത്തിന്റെ നേരുറവിനെ
– ജീവിതത്തെ – ആശ്രയിച്ചുള്ള മനുഷ്യ-ചെയ്‌വനയാണ്.
കോൺസ്റ്റന്റീൻ സ്റ്റാനിസ്ലാവ്സ്കി പറയുന്നത് ഉദ്ധരിക്കാം:
"ചെളിപുരണ്ട കാലുമായി തീയെറ്ററിലേക്ക് ഒരിക്കലും വരരുത്.
നിങ്ങളുടെ അഴുക്കും പൊടിയും തീയെറ്ററിന് പുറത്ത് ഉപേക്ഷിക്കൂ.
നിങ്ങളുടെ ഒരു കാര്യവുമില്ലാത്ത വേവലാതികൾ, ശബ്ദമുഖരിതമായ പൊട്ടവഴക്കുകൾ,
നിസ്സാരമായ പ്രയാസങ്ങൾ, ജീവിതത്തെ നശിപ്പിക്കുന്നതും ഒരാളുടെ ശ്രദ്ധയെ
അയാളുടെ കലയിൽനിന്ന് അകലേക്ക് വലിച്ചുകൊണ്ടുപോകുന്നതുമായ എല്ലാമെല്ലാം
നിങ്ങളുടെ പുറംകുപ്പായത്തോടൊപ്പം വാതിൽക്കൽ അഴിച്ചുവച്ചതിനുശേഷം പ്രവേശിക്കൂ",
എന്നാണ് നമ്മുടെ ആ മഹാനായ മുൻഗാമിയുടെ വാക്കുകൾ.
അരങ്ങിലേക്ക് കയറുമ്പോൾ, ഒരാളിന്റെ ഒരൊറ്റ ഉയിരുമായാണ് നമ്മളോരോരുത്തരും
ചെല്ലുന്നത്. എങ്കിലോ... ആ ഒറ്റ ഉയിരിന് പിളർന്ന്പെരുകാനും എത്രയും ഉരുയിരുകളെ
പ്രജനിപ്പിക്കാനും അവയെ, നിറയെ പടർന്നുവളർന്ന് മറ്റുള്ളവരിലേക്ക്
സുഗന്ധം പകർത്തുംമട്ടിൽ ലോകത്തിലേക്ക് പ്രക്ഷേപിക്കാനുമുള്ള
മഹത്തരമായൊരു ശേഷിയുണ്ട്.

നമ്മൾ – രചയിതാക്കളും സംവിധായകരും അഭിനേതാക്കളും സീനോഗ്രാഫർമാരും കവികളും
സംഗീതകാരരും കൊറിയോഗ്രാഫർമാരും സാങ്കേതികപ്രവർത്തകരും മറ്റെല്ലാ മേഖലയിലുമുള്ള
തീയെറ്റർ പ്രവത്തകരും – തീയെറ്ററിന്റെ ലോകത്ത് ചെയ്യുന്നത് നമ്മളരങ്ങിലേറുംവരേക്കും
ഇല്ലാതിരുന്ന ഒരു ജീവനെ സൃഷ്ടിച്ചെടുക്കുന്ന പ്രവൃത്തിയാണ്.
ആ ജീവന് അതിനെ കരുതലോടെ എടുത്തുപിടിക്കുന്ന കൈകൾ വേണം...
അതിനെ ചേർത്തുപിടിക്കുന്ന ഉരസ്സ് വേണം... അതിനോട് അനുതാപമുള്ള ഹൃദയം വേണം...
അതിന് മുന്നോട്ടുപോകാനും നിലനിൽക്കാനും അതിജീവിക്കാനുമുള്ള ന്യായങ്ങൾ നൽകുന്ന
വിവേകമുള്ള മനസ്സും വേണം.

രാത്രിയുടെ കാളിമയിൽ വെട്ടം പരത്തിക്കൊണ്ട്... ആ തണുപ്പിനെ ചൂടുപിടിപ്പിച്ചുകൊണ്ട്...
ഇരുളിൽ, എരിഞ്ഞുനിൽക്കുന്നൊരു കനലിനെപ്പോലെ,
ഉയിരിന്റെ തനി പ്രവർത്തനം തന്നെയാണ് അരങ്ങിൽ നമ്മൾ ചെയ്യുന്നതെന്നും
ഒന്നുമില്ലായ്മയിൽനിന്ന് ഉയിരുകൾ ഉരുവപ്പെടുത്തുന്ന പ്രവർത്തനമാണതെന്നും
ഞാൻ പറയുന്നത് അതിശയോക്തിയല്ല.
ജീവന് അതിന്റേതായ മായികപ്രതാപം നൽകുന്നവരാണ് നമ്മൾ...
ജീവിതങ്ങൾക്ക് ഉടലിൽ ഉരുവംകൊടുക്കുന്നവരാണ് നമ്മൾ...
ജീവിതത്തെ ഊർജ്ജസ്വലവും അർത്ഥപൂർണവുമാക്കുന്നവരാണ് നമ്മൾ...
ജീവന്റെ വ്യാപാരങ്ങളെ മനസിലാക്കാനുതകുന്ന കാര്യ-കാരണചിന്ത പകരുന്നവരാണ്നമ്മൾ...
മറവികളുടെയും അവഗണനകളുടെയും തീവ്രവാദങ്ങളുടേയും ഇരുട്ടിനെ
കലയുടെ വെട്ടംകൊണ്ട് നേരിടുന്നവരാണ് നമ്മൾ...
ജീവൻ ഈ ലോകത്തെല്ലാം സ്വച്ഛന്ദമായ് പടരേണ്ടതിന്നായി
ജീവിതത്തിന്റെ അടിസ്ഥാനതത്വങ്ങളെ മുറുകെപ്പിടിക്കുന്നവരാണ് നമ്മൾ.
ആ ഉന്നതാശയത്തെ സാധ്യമാക്കാനായി നമ്മൾ, നമ്മുടെ പ്രയത്നവും സമയവും വിയർപ്പും
കണ്ണീരും ചോരയും നാഡികളും മറ്റെല്ലാമെല്ലാം മുഴുവനായും വിനിയോഗിക്കുന്നു;
സത്യത്തിന്റേയും നന്മയുടേയും സൗന്ദര്യത്തിന്റേയും മൂല്യങ്ങളെ സംരക്ഷിച്ചുനിർത്തുന്നു;
ജീവന് ജീവിക്കുവാനുള്ള അർഹതയുണ്ടെന്ന ഉറച്ച ബോധ്യത്തോടെ വർത്തിക്കുന്നു.

ഞാനിന്ന് നിങ്ങളോട് സംസാരിക്കുന്നത് കേവലമൊരു സംസാരത്തിനായോ
കലകളുടെ പിതാവായ തീയെറ്ററിനുള്ള ലോകദിനത്തെ കൊണ്ടാടാനായിപ്പോലുമോ അല്ല.
അതിനുമപ്പുറം, ഞാൻ നിങ്ങളെ ഒരുമിച്ച് നിൽക്കാൻ ക്ഷണിക്കുകയാണ്.
എല്ലാവരും തോളോട് തോൾ ചേർന്ന് ... തമ്മിൽ കൈകൾകോർത്ത് ...
നമ്മുടെ ശബ്ദം  അരങ്ങിലുയർത്താറുള്ളതുപോലെ ആവുന്നതും ഉച്ചത്തിൽ
വിളിച്ചുപറയാൻവേണ്ടി ക്ഷണിക്കുകയാണ്.
മുഴുവൻ ലോകത്തിന്റെയും മനസ്സാക്ഷിയെ ഉണർത്താനായി നമ്മുടെ വാക്കുകൾ
പുറത്തെടുക്കാൻ നിങ്ങളെയെല്ലാം ക്ഷണിക്കുകയാണ്.
മനുഷ്യരുടെ ആ നഷ്ടപ്രകൃതത്തെ - സ്വതന്ത്രവും സഹിഷ്ണുതാപരവും സ്നേഹനിർഭരവും
അനുതാപപൂർണവും സൗമ്യവും ലളിതവും സ്വീകരണോന്മുഖവുമായ
ഉയിരിന്റെ ഉൾക്കാമ്പിനെ - നിങ്ങൾക്കുള്ളിൽ തേടിപ്പോകാൻ ക്ഷണിക്കുകയാണ്.
കൊടിയ ആക്രമണങ്ങളും വംശീയവാദവും  അറപ്പുളവാക്കുന്ന തമ്മിലടികളും
ഏകപക്ഷീയകാഴ്ച്ചപ്പാടും തീവ്രവാദവും ചേർന്ന്  മനുഷ്യരെക്കുറിച്ചുണ്ടാക്കുന്ന
വഷളായ പ്രതിച്ഛായ ഒഴിവാക്കാനായി എല്ലാരെയും ക്ഷണിക്കുകയാണ്.

ഈ ഭൂമിയിൽ മനുഷ്യർ സഹസ്രാബ്ദങ്ങളോളം നടന്നുകഴിഞ്ഞു. ഇനിയുമാ നടത്തം തുടരും.
അങ്ങനെയിരിക്കെ, ആ കാലുകളെ യുദ്ധങ്ങളുടെയും ക്രൂരവും നിന്ദ്യവുമായ
സംഘർഷങ്ങളുടെയും ചതുപ്പിൽനിന്ന് മാറ്റി നടത്താം. അവരെ തങ്ങളുടെ
സംഘർഷങ്ങളേയും സമ്മർദ്ധങ്ങളേയും വഴക്കുകളേയും അരങ്ങിന്റെ വാതിൽക്കൽ ഉപേക്ഷിച്ച്
അകത്തുവരാനായി ക്ഷണിക്കാം. അങ്ങനെ, അനിശ്ചിതത്തത്തിന്റേയും ആശങ്കയുടേയും
മേഘങ്ങൾവന്നു പൊതിഞ്ഞുകൊണ്ടിരിക്കുന്ന നമ്മുടെ മനുഷ്യത്തം വീണ്ടും
സുനിശ്ചിതവും ദൃഢവുമാകാം; നമ്മൾ മനുഷ്യരാണെന്നും മനുഷ്യത്തത്തിന്റെ ആ
ഒറ്റ ഉദരത്തിൽ ഉരുവംകൊണ്ട സഹോദരജന്മങ്ങളാണെന്നുമുള്ള ആത്മാഭിമാനത്തിന്
എല്ലാരുംതന്നെ തീർത്തും അർഹരായേക്കാം.

ചരിത്രത്തിൽ ആദ്യഅഭിനേതാവിന്റെ ആദ്യഅരങ്ങിലെ ആദ്യത്തെ പ്രവേശം മുതൽക്കേ
പ്രബുദ്ധതയുടെ പന്തമേന്തിയവരെന്ന നിലക്ക്, മനുഷ്യത്തവിരുദ്ധവും അസുന്ദരവും
ക്രൂരവുമായ എല്ലാറ്റിനോടുമുള്ള ചെറുത്തുനിൽപ്പിന്റെ മുന്നണിയിൽ പ്രവർത്തിക്കുക
നമ്മുടെ ദൗത്യമാണ്. സുന്ദരവും നിർമലവും മാനുഷികവുമായ എല്ലാറ്റിനെക്കൊണ്ടും
നമ്മളാ ചെറുത്തുനിൽപ്പ് നടത്തും.
ഉയിരിനെ എങ്ങും പ്രസരിപ്പിക്കാൻ നമുക്കാണല്ലോ കഴിയുക.
നമുക്കൊരുമിച്ച് പ്രസരിപ്പിക്കാം:
ഒരേ ലോകത്തിനും ഒരേ മാനവികതക്കും വേണ്ടി.

**സമീഹാ അയൂബ്**
മലയാള മൊഴിമാറ്റം - മൊഹബ്ബത്ത്